## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

**പ്രവചന കാലയളവ് 15.05.2024 മുതൽ 19.05.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 20/2024 (39) ചൊവ്വാഴ്ച | തീയ്യതി 14/05/2024 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 15.05.2024 | 16.05. 2024 | 17.05.2024 | 18.05. 2024 | 19.05.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 3 | 2 | 1 | 4 | 4 |
| ഉയർന്ന താപനില (°C) | 36 | 36 | 36 | 37 | 37 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 94 | 94 | 94 | 94 | 94 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 55 | 55 | 55 | 55 | 55 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 230 | 140 | 270 | 270 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത..

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: വേനൽചൂടിൽനിന്നും ജനങ്ങളെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാതിരിക്കാൻ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ടം ഒരുപരിധിവരെ കുറയ്ക്കാം.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) | - | വിരിപ്പ് കൃഷി ഇറക്കുന്നതിനു മുൻപായി നെല്പാടങ്ങളിൽ ഡെയിഞ്ച വിതച്ചുകൊടുക്കാവുന്നതാണ്. വേനൽമഴ ലഭിച്ച സ്ഥലങ്ങളിൽ വിരിപ്പ് കൃഷി ഇറക്കുന്ന പാടങ്ങളിൽ നിലം ഒരുക്കലും ഞാറ്റടി തയ്യാറാക്കലും ചെയ്യാം. |
| തെങ്ങ്, കവുങ്ങ് | - | തെങ്ങിൻ തൈകളും കവുങ്ങിൻ തൈകളും നടാനുള്ള കുഴികൾ ഇപ്പോൾ തയ്യാറാക്കാവുന്നതാണ്. |
| ഇഞ്ചി, മഞ്ഞൾ | നടീൽ സമയം | ഇഞ്ചി, മഞ്ഞൾ എന്നിവ നടാനായിട്ട് നിലം ഒരുക്കുന്ന സമയത്ത് ഒരു സെന്റിന് രണ്ടു മുതൽ മൂന്ന് കിലോ വരെ കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ്. മൂട് ചീയൽ രോഗം തടയുന്നതിന് മുൻകരുതലായി ഇഞ്ചി വിത്തും, മഞ്ഞൾ വിത്തും 3 ഗ്രാം മാങ്കോസെബ് അല്ലെങ്കിൽ സ്യൂഡോമോണാസ് ഒരു ലിറ്റർ ലായനിയിൽ 30 മിനിറ്റ് മുക്കിവെച്ച ശേഷം നടുക. 90 കിലോ ചാണകപ്പൊടി ഒരു കിലോ ട്രൈക്കോഡർമയുമായി കൂട്ടികലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ച്ച തണലത്ത് വെച്ച ശേഷം ഇട്ടുകൊടുക്കുക. |

മൃഗസംരക്ഷണം-: ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. തൊഴുത്തിലോ, പരിസരത്തോ എലി ശല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും കർഷകർക്കും ഒരുപോലെ മാരകമാണ്. കന്നുകാലികൾക്കു ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിന്ന് അകറ്റി നിർത്തുക. (CAADECCS, KVASU, Mannuthy).